# STD - II

## അദ്ധ്യാപക സഹായി

## പാഠം – പന്ത്രണ്ട്      ഈശോയുടെ സ്വർഗാരോഹണം  ഭാഗം – ഒന്ന്

### ലക്ഷ്യം

ഉയിർപ്പിന്റെ പൂർത്തീകരണമായ്, ഈശോ നാല്പതാം ദിവസം സ്വർഗാരോഹണം ചെയ്ത്, പിതാവിന്റെ വലതുഭാഗത്ത് ഉപവിഷ്ടനായി. ഈശോയുടെ ഉയിർപ്പും, സ്വർഗാരോഹണവും ഞങ്ങൾ വിശ്വസിക്കും. നമ്മുടെ രക്ഷയ്ക്കായി അവൻ വീണ്ടും തിരിച്ചു വരും.

### പഠനസഹായികൾ

* ഈശോയുടെ സ്വർഗാരോഹണത്തിന്റെ Youtube Video (Chosen Series)
* CCC - 659, 665, 666 - (യേശു സ്വർഗത്തിലേക്ക് ആരോഹണം ചെയ്തു)
* YOUCAT - 109 (Page - 70)
* വചനം – യോഹ. 12:32, ലൂക്കാ. 24 (എമ്മാവൂസ് അനുഭവം), യോഹ. 21 (യേശുവും ശിഷ്യന്മാരും), അപ്പ. 1:11

### പാഠത്തിന്റെ ഉള്ളടക്കം

* ഉയിർത്തെഴുന്നേല്പിന്റെ നാല്പതാം ദിവസം ഈശോ തന്റെ ശിഷ്യന്മാരെ ഒലിവു മലയിലേക്ക് കൂട്ടിക്കൊണ്ടുപോയി.
* യേശു ശിഷ്യന്മാരെ കൈകൾ ഉയർത്തി അനുഗ്രഹിച്ചു.
* ഈശോ സ്വർഗത്തിലേക്കുയർന്നു
* ശിഷ്യരുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ട വെള്ള വസ്ത്രം ധരിച്ചവർ, ഈശോയുടെ രണ്ടാം വരവിനെക്കുറിച്ച് സൂചിപ്പിക്കുന്നു.
* സ്വർഗാരോഹണം ചെയ്ത ഈശോ ദൈവപിതാവിന്റെ വലതുഭാഗത്ത് ഇരിക്കുന്നു.

### പ്രാർത്ഥന

സ്വർഗത്തിലേക്ക് ആരോഹണം ചെയ്ത്, പിതാവായ ദൈവത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്ന ഈശോയേ, അവിടുന്ന് സത്യമായും ഉയിർത്തെഴുന്നേറ്റുവെന്നും, നാല്പതാം ദിവസം സ്വർഗാരോഹണം ചെയ്തുവെന്ന വിശ്വാസസത്യത്തിൽ ഞങ്ങളെ ആഴപ്പെടുത്തണമേ, ആമ്മേൻ.

## ചോദ്യങ്ങൾ

1. ഉയിർപ്പിന്റെ എത്രാം ദിവസമാണ് ഈശോ സ്വർഗാരോഹണം ചെയ്തത്?
2. പിതാവായ ദൈവത്തിന്റെ ഏതു വശത്താണ് ഈശോ ഉപവിഷ്ടനായത്?
3. ശിഷ്യന്മാർ നോക്കിനിൽക്കെ ഈശോ സ്വർഗത്തിലേക്കുയർന്നപ്പോൾ എന്താണ് സംഭവിച്ചത്?
4. ഈശോ ആകാശത്തിലേക്ക് പോകുന്നത് നോക്കിനിൽക്കുമ്പോൾ ആരാണ് ശിഷ്യന്മാരുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടത്?
5. ശിഷ്യന്മാരുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ട രണ്ടുപേരും ഏത് വസ്ത്രമാണ് ധരിച്ചിരുന്നത്?

# STD - II

## അദ്ധ്യാപക സഹായി

## പാഠം - പന്ത്രണ്ട്   ഈശോയുടെ സ്വർഗാരോഹണം   ഭാഗം - രണ്ട്

### ലക്ഷ്യം

സ്വർഗാരോഹണം കഴിഞ്ഞ് പത്തു ദിവസമായപ്പോൾ ഈശോ ശിഷ്യന്മാരുടെ മേൽ പരിശുദ്ധാത്മാവിനെ അയച്ചു. പരിശുദ്ധാത്മാവിൽ നിറയുവാനായി ഞങ്ങളും നന്മകൾ ചെയ്തുകൊണ്ട് പുണ്യത്തിൽ വളരും.

### പഠനസഹായികൾ

* വചനം: അപ്പ. പ്രവ. 2:1-4
* യൂട്യൂബ് വീഡിയോ - പന്തക്കുസ്താദിനം - പരിശുദ്ധാത്മാവിന്റെ ആഗമനം
* ചാർട്ട് - സ്വർഗത്തിൽ എത്തിച്ചേരാനുള്ള നല്ല പ്രവൃത്തികൾ
* CCC - 667 (പരിശുദ്ധാത്മാവിനെ അയക്കുന്നു)

### പാഠത്തിന്റെ ഉള്ളടക്കം

* ഈശോ ശിഷ്യന്മാരുടെമേൽ പരിശുദ്ധാത്മാവിനെ അയക്കുന്നു.
* നന്മ ചെയ്തുകൊണ്ട്, നിരന്തരം പരിശുദ്ധാത്മാവിന്റെ നിറവിനായി പ്രാർത്ഥിക്കണം.
* പുണ്യത്തിൽ വളർന്ന് സ്വർഗരാജ്യം സ്വന്തമാക്കാം.
* ഈശോയോടൊപ്പം ആയിരിക്കുവാൻ സത്പ്രവൃത്തികൾ ചെയ്യണം.
* നമുക്കു പാടാം - ജീവിതകാലത്തു നന്മചെയ്താൽ....
* സ്വർഗത്തിൽ എത്തിച്ചേരാൻ ആവശ്യമായവ.

### പ്രാർത്ഥന

ദൈവമേ, സഹായകനായ് അങ്ങയുടെ ആത്മാവിനെ ശിഷ്യർക്കു കൊടുത്തതുപോലെ കുഞ്ഞുമക്കളായ ഞങ്ങൾക്കും പരിശുദ്ധാത്മാവിനെ നൽകണമേ, ആമേൻ.

### ചോദ്യങ്ങൾ

1. സ്വർഗാരോഹണത്തിന്റെ എത്രാം ദിവസമാണ് ഈശോ ശിഷ്യന്മാർക്ക് പരിശുദ്ധാത്മാവിനെ നൽകിയത്?

2. നന്മ ചെയ്തുകൊണ്ട് ജീവിക്കാൻ നമുക്കെന്താണ് വേണ്ടത്?
3. സ്വർഗരാജ്യം സ്വന്തമാക്കാൻ എങ്ങനെ വളരണം?
4. സ്വർഗത്തിൽ എത്തിച്ചേരാൻ ആവശ്യമായ ഏതെങ്കിലും അഞ്ച് കാര്യങ്ങൾ പറയുക
5. സ്വർഗത്തിൽ പിതാവിന്റെ വലതുഭാഗത്തിരിക്കുന്ന ഈശോയോട് നിങ്ങൾ ചെയ്ത രണ്ടു പുണ്യപ്രവൃത്തികൾ പറയുക